| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## FIRST TERM EXAMINATION 2018-19

## MALAYALAM

Code: MZML03

CLASS: VIII — Time Allotted: 2 ½ Hrs.

27.09.2018 — Max .Marks: 80

**General Instructions :**
1. **All** questions are **compulsory.**
2. **All answers should be written in the answer sheet provided.**

| Qns | | Marks |
|---|---|---|
| 1. | **അർഥം എഴുതുക** | ½ x 4= 2 |
| | 1. പെട്ടകം 2. ഗ്രന്ഥം 3. തുംഗം 4. വിവശ | |
| 2. | **പര്യായം എഴുതുക** | 1 x 4= 4 |
| | 1. കൈ 2. മരം 3. രാവ് 4. സ്വർഗം | |
| 3. | **വിപരീതം എഴുതുക** | ½ x 4= 2 |
| | 1. ജയം 2. അസംശയം 3. രക്ഷ 4. സുലഭം | |
| 4. | **എതിർലിംഗമെഴുതുക** | ½ x 4= 2 |
| | 1. അമ്മ 2. മകൻ 3. രാജ്ഞി 4. ബാലിക | |
| 5. | **അർഥവ്യത്യാസം എഴുതുക** | 1 x 4= 4 |
| | 1. ചേല, ചേല് 2. ശാസന, വാസന 3. അംഗം, അങ്കം 4. കിരണം, കരണം | |
| 6. | **നാനാർഥം എഴുതുക** | 1 x 4= 4 |
| | 1. കൂറ 2. ഗതി 3. പദം 4. മൂലം | |
| 7. | **ശരിയായപദം തെരഞ്ഞെടുത്തെഴുതുക** | ½ x 4= 2 |
| | 1. വേദന, വേധന, വേതന<br>2. ആകർശിക്കുക, ആകർസിക്കുക, ആകർഷിക്കുക<br>3. കൃതജ്ഞത, കൃതഞ്ജത, കൃതഞ്ചത<br>4. ജ്യേഷ്ടൻ, ജ്യേഷ്ഠൻ, ജ്യേഷ്ട്ടൻ | |

8. **പിരിച്ചെഴുതി സന്ധി നിർണയിക്കുക** 1 x 4= 4

1. ഓമനക്കണ്ണുകൾ 2. കാന്തിയാർന്നു
3. കണക്കൊന്ന് 4. ഭയങ്കരമായ

9. **വാക്യത്തിൽ പ്രയോഗിക്കുക** 1½ x 2= 3

1. അത്ഭുതമുളവാക്കുക
2. കണ്ണുനിറയുക

10. **ചേരുംപടി ചേർക്കുക** 1 x 4= 4

1. കൃഷ്ണഗാഥ - കുമാരനാശാൻ
2. വീണപൂവ് - വി. ടി. ഭട്ടതിരിപ്പാട്
3. കണ്ണീരും കിനാവും - കുഞ്ചൻനമ്പ്യാർ
4. കിരാതം തുള്ളൽ - ചെറുശ്ശേരി

11. **വിഗ്രഹിച്ചെഴുതുക** 1 x 5= 5

1. മുഖച്ഛായ 2. തുംഗപദം
3. ആലിൻചുവട് 4. സമർഥൻ
5. നിർജരരാജൻ

12. **ഒറ്റപ്പദം എഴുതുക** 1 x 5= 5

1. ആയാസം കൂടാതെ 2. പുതിയ നിലാവ്
3. ദുഷിച്ച ഗർവ് 4. ശിശുവായിരിക്കുന്ന അവസ്ഥ
5. പുസ്തകം വച്ചിരിക്കുന്ന സഞ്ചി

13. **പ്രയോഗം മാറ്റുക** 1 x 3= 3

1. ഉറങ്ങിക്കിടക്കുന്ന ഓമനസ്വരൂപത്തെ അമ്മ നോക്കിനിൽക്കുന്നു.
2. പെൺകുട്ടി സഞ്ചിയിൽ നിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെടുത്തു.
3. കണക്ക് ചെയ്തില്ലെങ്കിൽ മാസ്റ്റർ എന്നെ പുറത്തുനിർത്തും.

14. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 1 x 5= 5

1. “മറ്റാരും കാണാതെ വച്ചുപോന്നു;” - മറ്റാരും കാണാതെ കൃഷ്ണൻ, പെട്ടിക്കുള്ളിൽ വച്ചുപോന്നതെന്ത്?
2. “യേശുവിനെപ്പറ്റി വിചാരിക്കുമ്പോൾ എന്താണ് ചെയ്യേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങുകയാണ്” - ആരുടെ വാക്കുകളാണിവ?
3. അധികതുംഗപദത്തിൽ പൂവ്, ശോഭിച്ചിരുന്നത് ആരെ പോലെയായിരുന്നു?
4. “എൻെറ മനസ്സിൽ നിന്നൊരു ആഹ്ലാദധ്വനി വിനിർഗളിക്കുകയുണ്ടായി”- ആദ്യമായി പണിപ്പെട്ട് കൂട്ടിവായിച്ചപ്പോൾ വി. ടി. യിൽ ആഹ്ലാദമുണ്ടാക്കിയ വാക്യമേത്?
5. “ചീർത്തൊരു ഭീതി മുഴുത്തു തുടങ്ങി” - അർജുനൻ തപസ്സു ചെയ്യുന്ന വാർത്തയറിഞ്ഞ് ആരുടെ ഉള്ളിലാണ് ഭീതി തുടങ്ങിയത്?

15. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** 1 x 5= 5

1. ശിശുവായിരുന്നപ്പോൾ പൂവിനെ തൊട്ടിലാട്ടിയതാര്?
   (പല്ലവപുടം, ആലോലവായു, ബാലാതപം)

2. "ഉന്മുഖതയാർന്നു പഠിച്ചു രാവിൽ" - പൂവ് ആരിൽ നിന്നാണ് ഈ ലോകതത്ത്വം പഠിച്ചത്?
   (താരാജാലം, കിളികൾ, ഇളയമൊട്ടുകൾ).

3. വി. ടി. ഭട്ടതിരിപ്പാട് ആരുടെ ശിഷ്യത്വം ആണ് കൈക്കൊണ്ടത്?
   (കണക്ക് മാസ്റ്ററുടെ, അമ്മയുടെ, തിയ്യാടിപ്പെൺകുട്ടിയുടെ)

4. ‘‘അർജുനനിഹ ഞാൻ വാളു കൊടുത്തു’’ - ആരാണ് അർജുനന് വാളു കൊടുത്തത്?
   (പരമശിവൻ, ദേവേന്ദ്രൻ, ദുര്യോധനൻ)

5. തുള്ളൽ പ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവാര്?
   (എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി)

16. **പാഠപുസ്തകത്തിലേതുപോലെ കവിത പൂരിപ്പിക്കുക** 5 x 1= 5

അമ്മയ്ക്കു ....................................

......................................... വരുത്ത വേണം; **(10 വരികൾ)**

17. **ഉത്തരമെഴുതുക** 3 x 5= 15

1. അമ്മയോടു പറയുന്നതിനായി കൃഷ്ണൻ നന്ദഗോപരോട് പറഞ്ഞേൽപ്പിക്കുന്ന കാര്യങ്ങളേവ?
2. യേശു ദയാലുവാണെന്ന് തെളിയിക്കുന്ന ഏതാനും സന്ദർഭങ്ങൾ എഴുതുക
3. "ശ്രീ ഭൂവിലസ്ഥിര" എന്നു കവിയ്ക്കു തോന്നാൻ കാരണമെന്ത്?
4. "കനകംമൂലം കാമിനിമൂലം
   കലഹം പലവിധമുലകിൽ സുലഭം."- സന്ദർഭം, ആശയം ഇവ വ്യക്തമാക്കുക
5. "ലജ്ജ കൊണ്ട് ഞാനില്ലാതായി" - സന്ദർഭവും ആശയവും വിശദമാക്കുക

18. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 1 x 6= 6

ദേശാഭിമാനം തുടിക്കുന്ന ഗാനങ്ങളിലൂടെ ഭാരതത്തിലെ, കേരളത്തിലെ ദേശസ്നേഹികളെ ആവേശഭരിതമാക്കിയ ഒരു ഘട്ടമുണ്ടായിരുന്നു. വള്ളത്തോളും കുമാരനാശാനും ഇടശ്ശേരിയുമെല്ലാം ഈ ജനകീയ മുന്നേറ്റത്തെ ശക്തിപ്പെടുത്താൻ യത്നിച്ചവരായിരുന്നു. മാതൃഭൂമിയെ പാരതന്ത്ര്യത്തിൽ നിന്നു മോചിപ്പിക്കുന്നതിനായി കവിതയെ ആയുധമാക്കിത്തീർത്ത കവിയാണ് വള്ളത്തോൾ. അദ്ദേഹത്തിൻെറ 'പോരാ പോരാ' എന്ന കവിത, 'വള്ളത്തോൾ' എന്ന മനുഷ്യനിലെ സ്വാതന്ത്ര്യബോധത്തെ വെളിപ്പെടുത്തുന്നു.സ്വാതന്ത്ര്യത്തെക്കുറിച്ച് ഏറ്റവും കരുത്തുറ്റ വരികൾ രചിച്ച കവിയാണ് കുമാരനാശാൻ. അമൃതമയമായ സ്വാതന്ത്ര്യം നഷ്ടമാകുന്ന അവസ്ഥ, അഭിമാനിക്ക് മരണത്തെക്കാൾ ഭയാനകമാ-

ണെന്ന് ആശാൻ പാടുന്നുണ്ട്. നേട്ടങ്ങൾ കൈവരിക്കുന്നതിനായി കൈകോർത്ത് അർപ്പണബോധത്തോടെ പ്രവർത്തിക്കാൻ കവി തൻെറ 'സ്വാതന്ത്ര്യഗാഥ' എന്ന കവിതയിലൂടെ ആഹ്വാനം ചെയ്യുന്നു.

1. മാതൃഭൂമിയെ പാരതന്ത്ര്യത്തിൽ നിന്നു മോചിപ്പിക്കുന്നതിനായി കവിതയെ ആയുധമാക്കിത്തീർത്ത കവിയാര്?

2. സ്വാതന്ത്ര്യത്തെക്കുറിച്ച് ഏറ്റവും കരുത്തുറ്റ വരികൾ രചിച്ച കവിയാര്?

3. അഭിമാനിക്ക് മരണത്തെക്കാൾ ഭയാനകമാണെന്ന് ആശാൻ പാടിയിട്ടുള്ള അവസ്ഥ ഏത്?

4. വള്ളത്തോൾ എന്ന മനുഷ്യനിലെ സ്വാതന്ത്ര്യബോധത്തെ വെളിപ്പെടുത്തുന്ന കവിതയേത്?

5. നേട്ടങ്ങൾ കൈവരിക്കുന്നതിനായി കൈകോർത്ത് അർപ്പണ ബോധത്തോടെ പ്രവർത്തിക്കാൻ ഏതു കവിതയിലൂടെയാണ് ആഹ്വാനം ചെയ്യപ്പെടുന്നത്?

6. ദേശാഭിമാനം തുടിക്കുന്ന ഗാനങ്ങളിലൂടെ കേരളത്തിലെ ദേശസ്നേഹികളെ ആവേശഭരിതരാക്കിയ കവികളാര്?

---------------